# ബ്രേമനിലെ സംഗീതജ്ഞന്‍

• പുനരാഖ്യാനം:
**വര്‍ഷിണി വിനോദിനി**

ഒരിടത്തൊരിടത്തൊരു കഴുത ഉണ്ടായിരുന്നു. ദിനം പ്രതി വാര്‍ദ്ധക്യത്തിലേക്ക് കാലൂന്നിക്കൊണ്ടിരിക്കുന്ന കഴുതയുടെ മുക്കാലധികം ജീവിതവും ഒരു കര്‍ഷകനുവേണ്ടി ജോലിയെടുത്ത് തീര്‍ന്നിരുന്നു. മറ്റു എല്ലാ കഴുതകളെയും പോലെത്തന്നെ നിലം ഉഴുതും ചോളമില്ലിലേക്ക് ചാക്കുകളില്‍ ചോളം കൊണ്ടുപോയും തിരിച്ച് ചോളപ്പൊടി കൊണ്ടുവരികയുമൊക്കെ തന്നെയായിരുന്നു അവന്റെ പ്രധാന പണികള്‍.

നല്ലകാലത്ത് തനിക്കാവുന്നതിലധികം പണി ചെയ്ത് കഴുത തന്റെ മുതുലാളിക്കു പ്രിയങ്കരനായി. എന്നാലിപ്പോള്‍ ആ ചുമലെല്ലുകള്‍ക്ക് തീരെ കെല്‍പ്പില്ലാതായിരിക്കുന്നു. തന്റെ ഈ വാര്‍ദ്ധക്യകാലം ഏതെങ്കിലുമൊരു ചോളപ്പാടത്തിന്റെ അരികില്‍ കഴിച്ചുകൂട്ടാന്‍ ആ കഴുത ആഗ്രഹിച്ചു. എന്നാലവന്റെ കര്‍ഷക മുതലാളി ദയാലുവായിരുന്നില്ല.

''ഓഹ്, നിന്നെക്കൊണ്ട് ഒരു ഉപകാരവുമില്ലാതായിക്കൊണ്ടിരിക്കുന്നു. ഒരു ചാക്ക് പോയിട്ട് അര ചാക്ക് പോലും ചുമക്കാനാവാത്ത കഴുത! വയസ്സന്‍ കഴുതയെന്നാല്‍ മടിയന്‍ കഴുത എന്നാണു ചൊല്ല്, അതുകൊണ്ട് മുട്ടുകാലില്‍ ഇഴയുന്ന നിന്നെ എനിക്കിനി വേണ്ട. നീ ലോകത്തിന്റെ ഏതെങ്കിലും കോണില്‍ നിന്റെ ബാക്കികാലം അനുഭവിക്ക്.'' അയാള്‍





ഒട്ടും അനുകമ്പയില്ലാതെ നയം വ്യക്തമാക്കി.

പാവം കഴുത എങ്ങോട്ടെന്നില്ലാതെ കർഷകന്റെ വേലിക്കെട്ടിൽനിന്ന് പുറത്തേക്ക് വേച്ചുവേച്ചിറങ്ങി. പക്ഷേ, എങ്ങോട്ടു പോകും! അവനൽപം ശങ്കിച്ചു നിന്നു.

'തന്റെ ജീവിതം ഇക്കാലമത്രയും ആ മുരടനായ കർഷകനു വേണ്ടി ഉഴിഞ്ഞുവെച്ചിരിക്കുകയായിരുന്നു. ഇത്രയും നാൾ ചോളമില്ലും അയാളുടെ ഗൃഹവുമായിരുന്നു ലോകം. കഴിഞ്ഞുപോയ നല്ല കാലത്തെക്കുറിച്ച് ചിന്തിച്ച് തിന്നും കുടിച്ചും കഴിയുവാനേ ഇപ്പോൾ തനിക്കാവുകയുള്ളൂ.'

തന്റെ നിസ്സഹായാവസ്ഥ ഓർത്ത് ആ വയസ്സൻ കഴുത പരിതപിച്ച് ഉറക്കെ ഓലിയിട്ട് കരഞ്ഞു.

ഓലിയിടുന്നതിനിടയിൽ കഴുത ഒരു നിമിഷം നിർത്തി ആലോചിച്ചു: 'ങേ, ഞാനിപ്പോൾ പുറപ്പെടുവിച്ച ശബ്ദം നല്ല ഈണമുള്ളതായിരുന്നല്ലോ. ഇതായിരിക്കുമോ സംഗീതം; അല്ല, ഇതു തന്നെയാണു സംഗീതം. ഈ സംഗീതത്തെക്കുറിച്ച് ഞാൻ മുന്നെയൊന്നും ആലോചിച്ചിട്ടു പോലുമില്ലല്ലോ!'

അവൻ വീണ്ടും വീണ്ടും ഉച്ചത്തിൽ ഓലിയിട്ടു നോക്കി. ആ അപസ്വരം അവന് വളരെ മധുരമായി തോന്നി. താനൊരു സംഗീതവിദഗ്ധനായി സ്വയം സങ്കൽപിച്ച് ആ വയസ്സൻ കഴുത നിരത്തിലൂടെ സാവകാശം നടന്നു.

സവാരിക്കിടയിൽ കഴുത ഓർത്തു: 'അതെ, അങ്ങനെ ഒരു വിഷമസന്ധിയെ ഞാൻ തരണം ചെയ്തിരിക്കുന്നു. ഇന്നു മുതൽ ഞാൻ എന്തൊക്കെയോ ആയിത്തീരുകയാണ്. മറ്റൊന്നുമല്ല, ഒരു വലിയ സംഗീതജ്ഞൻ തന്നെ. ഇനിയങ്ങോട്ടുള്ള ജീവിതം ഞാനിവിടെയല്ല കഴിച്ചുകൂട്ടേണ്ടത്. രണ്ടുമൂന്നു തവണ യജമാനന്റെ കൂടെ ബ്രെമനെന്ന് പേരുള്ള ഒരു നഗരത്തിൽ പോയതായി ഓർക്കുന്നു. ഇപ്പോൾത്തന്നെ അങ്ങോട്ട് യാത്ര തിരിക്കാം.'

യാത്രക്കിടയിൽ വലിയൊരു ഗായകനെന്ന നാട്യത്തോടെ കഴുത ഈണമില്ലാതെ ഓലിയിട്ടുകൊണ്ടേയിരുന്നു. ഒരു നാഴിക എത്തിയപ്പോൾ വഴിയരികിൽ ഒരു പാവം നായ കിടക്കുന്നത് കഴുതയുടെ ദൃഷ്ടിയിൽ പെട്ടു. അത് അവനെ ദയനീയമായി നോക്കുന്നുണ്ടായിരുന്നു.

''അല്ലയോ സുഹൃത്തേ, താങ്കൾക്ക് എന്താണു സംഭവിച്ചിരിക്കുന്നത്? വളരെ ദയനീയമായിരിക്കുന്നല്ലോ!'' കഴുത തിരക്കി.

''ഓഹ്, എന്തു പറയാൻ! എനിക്ക് പണ്ടത്തെപ്പോലെ വേട്ടയാടാനൊന്നും ആവതില്ല. മണം പിടിക്കുവാനോ വേഗത്തിൽ ഓടുവാനോ ഒന്നിനും സാധിക്കുന്നില്ല. എനിക്ക് ആവതു കുറവുണ്ടെന്ന് മനസ്സിലാക്കിയ



യജമാനൻ എന്നെ വീട്ടിൽ നിന്ന് പുറത്താക്കിയിരിക്കുന്നു.

ഇക്കാലമത്രയും ഞാനയാൾക്കു വേണ്ടി വേട്ടയാടുകയും വീട് സംരക്ഷിക്കുകയുമെല്ലാം ചെയ്തുപോന്നു. എന്നിട്ടെന്തു കാര്യം, ഞാനിപ്പോൾ ഒരു കൂരയില്ലാതെ പെരുവഴിയിലായിപ്പോയത് കണ്ടില്ലേ...!

എനിക്കാണെങ്കിൽ വീട് കാക്കലും വേട്ടയാടലും എല്ലുകൾ കുഴിച്ചിടലുമല്ലാതെ ഒന്നും അറിയില്ല.'' ഇതും പറഞ്ഞ് നായ ഉറക്കെ ഓലിയിട്ട് വിലപിച്ചു.

''നീ സന്തോഷവാനായിരിക്കൂ. ഈ സങ്കടാവസ്ഥക്കുള്ള പരിഹാരം നിന്റെ പക്കൽ തന്നെയുണ്ട്.''

''എന്റെ പക്കലോ?'' നായ അവിശ്വസനീയതയോടെ കഴുതയെ നോക്കി.

''അതെ, നീ ഇപ്പോൾ ഓലിയിട്ടില്ലേ? അതു തന്നെയാണ് നിന്റെ കൈവശമുള്ള കൈമുതൽ. നീ വീണ്ടും ആ മധുരമായ ശബ്ദം പുറപ്പെടുവിച്ചു കൊണ്ടിരിക്കൂ. നീയും എന്നെപ്പോലെ ഒരു വലിയ സംഗീതജ്ഞനാണ്.''

''ങേ! സംഗീതജ്ഞനോ?'' നായ അത്ഭുതപ്പെട്ടു.

''അതെ, നിനക്കാണെങ്കിൽ എന്നെക്കാളധികം ശ്രുതിയിൽ പാടാം. ഒരു കൗശലക്കാരനായ പാട്ടുകാരൻ കൂടിയായ നീ ബ്രെമനിലേക്കുള്ള എന്റെ യാത്രയിൽ കൂടെ കൂടിക്കോളൂ. നമുക്കവിടെ സംഗീത വിദ്വാന്മാരായി സുഖമായി കഴിയാം.'' കഴുത വിശദീകരിച്ചു.

ജോടികളായി പാട്ടും പാടി നഗരത്തിലെ വാസം സ്വപ്നം കണ്ട് നായയും കഴുതയുടെ യാത്രയിൽ പങ്കു ചേർന്നു.

അധികം നീങ്ങിയില്ല, വഴിയോരത്ത് ഒരു അവശൻ പൂച്ച ഇരിക്കുന്നത് അവർ കണ്ടു. സ്വയം വൃത്തിയാക്കാൻ പോലും വയ്യാതെ മീശയിലൊരു ഉണക്ക ഇല തൂങ്ങിപ്പിടിച്ച്, രോമമാസകലം പൊടി പറ്റിപ്പിടിച്ച ആ പൂച്ചയെ കുറിച്ചറിയാൻ അവർ അതിന്റെ അരികിലേക്ക് നീങ്ങി.



''നീ എന്താണിങ്ങനെ വ്യസനിച്ചിരിക്കുന്നത്?'' കഴുത തിരക്കി.

''ഞാനെന്തു പറയാൻ, പ്രായം അതിക്രമിച്ചിരിക്കുന്നു. കാഴ്ച കുറഞ്ഞിരിക്കുന്നു. എലികൾക്ക് ഞാനിപ്പോൾ മ്യാവൂന്ന് ശബ്ദം പുറപ്പെടുവിക്കുന്ന ഒരു യന്ത്രം മാത്രമായിരിക്കുന്നു. ഒരു വർഷത്തിലധികമായിരിക്കുന്നു ഒരു എലിയെ പിടിച്ച് തിന്നിട്ട്! എന്തിനധികം, ആറുമാസത്തിലൊരിക്കൽ പോലും ഒരു എലിയെ കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ ഞാനിപ്പോൾ എന്റെ യജമാനത്തിക്ക് അനിഷ്ടപാത്രമായി തീർന്നിരിക്കുന്നു. അവരുടെ കുഞ്ഞുങ്ങളുടെ കൂടെ കളിച്ച് നേരം കളഞ്ഞതും തണുപ്പ് കാലങ്ങളിൽ മടിത്തട്ടിൽ കിടന്ന് ചൂട് പകർന്നതുമെല്ലാം അവർ മറന്നിരിക്കുന്നു. എനിക്കാണെങ്കിൽ പാൽ കുടിക്കുവാനും ചൂടുതട്ടി മയങ്ങുവാനുമല്ലാതെ മറ്റൊന്നും അറിയില്ല താനും. ഇനിയുള്ള കാലം ഞാനിനി എങ്ങനെ കഴിയും?!'' ആ വയസ്സൻ പൂച്ച കേണു.

''ഹ്മ്, ഒട്ടും വ്യാകുലപ്പെടേണ്ട; എല്ലാറ്റിനുമുള്ള ഉത്തരം എന്റെ പക്കലുണ്ട്. നീ ഇപ്പോൾ കരഞ്ഞ പോലെ ഒന്നുകൂടി കരയൂ.'' കഴുത ആവശ്യപ്പെട്ടു.

''എന്ത്, നിങ്ങളുടെ ഹൃദയം തകർത്ത എന്റെ കരച്ചിൽ ഇനിയും കേൾക്കണോ?''

''അതെ, ആ വിലാപം തന്നെ. അത് ബ്രെമനിലുള്ളവരെ കണ്ണീരിലാഴ്ത്തും. അത്രയും ആർദ്രമയമായ സ്വരമാണു നിന്റേത്.''

''ഓഹോ, അങ്ങനെയോ..!'' പൂച്ച ഒരിക്കൽക്കൂടി ആ സ്വരം പുറപ്പെടുവിച്ചു. കഴുത പറഞ്ഞതിൽ കഴമ്പുണ്ടെന്ന് സ്വയം ബോധ്യപ്പെടുത്തി വീണ്ടും വീണ്ടും മ്യാവൂ എന്ന് കരഞ്ഞുകൊണ്ടിരുന്നു.

ഓരോ തവണയും പൂച്ചയുടെ സ്വര മേന്മയെ

▸▸ ലോകത്ത് ഏറ്റവുമധികം മനുഷ്യരിലുള്ള രക്തഗ്രൂപ്പ് – ഒ. പോസറ്റീവ്

പുകഴ്ത്തി കഴുത പ്രോത്സാപ്പിച്ചുകൊണ്ടിരുന്നു. പൂച്ചയുടെ ശ്രുതി ഗംഭീരമാണെന്നും ബ്രോമനിലെ പ്രധാനപ്പെട്ട സംഗീതജ്ഞനായി പൂച്ച അറിയപ്പെടുമെന്നുമെല്ലാം കഴുത വീണ്ടും പ്രോത്സാഹിപ്പിച്ചു.

'ഇല്ലാത്ത എലിയെ സ്വപ്നം കാണുന്നതിലും ഭേദം പുതിയ വഴികൾ കാണുന്നതു തന്നെ.' പൂച്ച തീരുമാനിച്ചു.

അങ്ങനെ വലിയൊരു സ്വപ്നം മുന്നിൽ കണ്ട് മൂവർ സംഘം നടന്നു നീങ്ങി.

വീണ്ടുമൊരു നാഴികക്കപ്പുറമായി വഴിയോരത്തെ പടിവാതിൽക്കലായി തൂങ്ങിപ്പിടിച്ച് ഒരു പൂവൻകോഴി ഇരിക്കുന്നത് അവർ കാണുവാനിടയായി. അതിന്റെ ചിറകുകൾ തൂങ്ങിയും തലയിലെ പൂവ് കൊഴിയാൻ പോകുന്നതായും കാണപ്പെട്ടു. കഠിന ദുഃഖത്താലെന്നോണം



ആ പക്ഷി തല പ്രയാസപ്പെട്ട് ആട്ടിക്കൊണ്ടിരുന്നു.

''ഹലോ, താനെന്താണിങ്ങനെ ഒട്ടും ഉത്സാഹമില്ലാത്തവനായിരിക്കുന്നത്?'' കഴുത ചോദിച്ചു.

''എനിക്ക് വയസ്സായിരിക്കുന്നു. നല്ല കാലം കഴിഞ്ഞു എന്നർത്ഥം. ഒരു പ്രയോജനവുമില്ലാത്ത എന്നെ നാളെ കഴുത്തു ഞെരിച്ച് കൊന്ന് അത്താഴമൊരുക്കാൻ യജമാനത്തി നിശ്ചയിച്ചിരിക്കുന്നു. ഇത്രയും കാലം അവരെ കൂകി ഉണർത്തിയതെല്ലാം എത്ര പെട്ടെന്നാണവർ മറന്നത്! ഒരു ഘടികാരത്തിനു പകരക്കാരനായിരുന്ന ഞാനിപ്പോൾ കഴുത്തു ഞെരിച്ച് കൊന്ന് തിന്നുവാനുള്ള പക്ഷി മാത്രമായിരിക്കുന്നു!

എനിക്കത് ഓർക്കാൻ കൂടി വയ്യ. നിങ്ങൾതന്നെയൊന്ന് സങ്കൽപിച്ചു നോക്കൂ, നിങ്ങളെല്ലാവരും ഭക്ഷിക്കപ്പെടുന്ന വസ്തുവായിത്തീരുന്നതിനെക്കുറിച്ച്. എനിക്കെന്തു ചെയ്യാനാവും, ഇവിടെ നിന്ന് ഇങ്ങനെ കൂകി വിളിക്കുവാനല്ലാതെ!'' അതും പറഞ്ഞ് പൂവൻ ഉച്ചത്തിൽ കൂകി വിളിച്ചു.

''ഹ്മ്, നീ വ്യാകുലപ്പെടേണ്ട. പരിഹാരം ഞാൻ നിർദ്ദേശിക്കാം. നീ ഇപ്പോൾ പുറപ്പെടുവിച്ചപോലെ ഒന്നു കൂടി കൂകിവിളിച്ച് ശ്രദ്ധിച്ചു നോക്കൂ; അത് എത്ര മാത്രം മനോഹരമാണെന്ന് അപ്പോൾ തിരിച്ചറിയാം.''

അതിശയത്തോടെ പൂവൻ പിന്നെയും കൂകി. ആ സ്വരം വളരെ മധുരമുള്ളതാണെന്ന് നായയും പൂച്ചയും കഴുതയോടൊപ്പം ഏറ്റുപറഞ്ഞു.

''ഞങ്ങൾ ബ്രോമനിലെ പ്രസിദ്ധഗായകരാവാനുള്ള യാത്രയിലാണ്. നിന്റെ ഇമ്പമുള്ള സ്വരം പറയുന്നുണ്ട്, നീയൊരു വലിയ കലാകാരനാണെന്ന്. അതുകൊണ്ട് നീയും ഞങ്ങളുടെ കൂടെ യാത്രയിൽ കൂടിക്കോളൂ. നമുക്ക് നാൽവർ സംഘമായി പാട്ടു പാടി പ്രസിദ്ധരാകാം.''

കഴുതയുടെ ക്ഷണം പൂവനു നിരസിക്കാനായില്ല.

പൂവനോർത്തു: 'വല്ലവരുടെയും വറചട്ടിയിൽ കിടന്ന് റോസ്റ്റ് ആകുന്നതിലും ഭേദം ഇതു തന്നെ. ഇവരുടെ കൂടെ കൂടുന്നതാണിപ്പോഴത്തേക്കും ഭാവിയിലേക്കും നല്ലത്.'

അങ്ങനെ ആ നാൽവർ സംഘം ഗാനങ്ങളാലപിച്ച് ഉത്സാഹപൂർവം തങ്ങളുടെ യാത്ര തുടർന്നു.

(തുടരും)